കേരള സർക്കാർ
ലൈഫ് മിഷൻ
Livelihood Inclusion and Financial Empowerment
2nd Floor, PTC Towers, S.S Kovil Road, Thampanoor, Thiruvananthapuram
Website : www.lifemission.kerala.gov.in, E-mail : lifemissionkerala@gmail.com

തീയതി – 28.11.2019

**പത്രക്കുറിപ്പ്**

**ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും**

തിരുവനന്തപുരം : വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ലൈഫ് മിഷൻ പദ്ധതിയിലൂടെ വീടുകൾ ലഭിച്ചവർക്ക് അവരുടെ തുടർ ജീവിതത്തിന് സാമൂഹ്യപരവും തൊഴിൽപരവുമായ പിന്തുണ നൽകി അവരെ മെച്ചപ്പെട്ട ജീവിതം നയിക്കാനും സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരാനും ലക്ഷ്യമിട്ട് സംസ്ഥാനത്തൊട്ടാകെ ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ കുടുംബസംഗമം നടത്തുന്നു.

കേരളത്തിലെ എല്ലാ അർഹരായ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നത്. ലൈഫ് മിഷൻ പദ്ധതി ഒന്നാംഘട്ടം വിജയകരമായി പൂർത്തീകരിക്കുകയും രണ്ടാംഘട്ടം വിജയകരമായി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

2000 – 01 മുതൽ 2015-16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടും വ്യത്യസ്ത കാരണങ്ങളാൽ സ്വന്തമായി അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന സ്വപ്നം പൂർത്തീകരിക്കാൻ കഴിയാതിരുന്ന കുടുംബങ്ങൾക്ക് അവരുടെ സ്വപ്ന ഭവനങ്ങൾ യാഥാർഥ്യമാക്കുകയെന്നതായിരുന്നു ഒന്നാംഘട്ടത്തിൽ ലൈഫ് മിഷൻ ഏറ്റെടുത്ത ദൗത്യം. ഒന്നാംഘട്ടത്തിൽ പൂർത്തീകരിക്കേണ്ടിയിരുന്ന 54,183 വീടുകളിൽ 51,950 (95.9%) വീടുകൾ ഇതിനോടകം നിർമ്മിച്ചുകഴിഞ്ഞു. 664.87 കോടി രൂപ ഗുണഭോക്താക്കൾക്കു ഭവന നിർമ്മാണത്തിന് ധനസഹായമായി നൽകിയിട്ടുണ്ട്.

ലൈഫ് രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണവും മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസവുമാണ് ലക്ഷ്യങ്ങൾ. രണ്ടാംഘട്ടത്തിൽ ഗ്രാമസഭ സർവ്വേയിലൂടെ കണ്ടെത്തി അംഗീകരിച്ച 1,76,394 അപേക്ഷകരിൽ നിന്നാണ് രേഖാപരിശോധനയിലൂടെ 99,910 ഗുണഭോക്താക്കൾ അർഹത നേടിയത്. ഇവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടത് 91,208 പേരാണ്. ഇവരിൽ 60,524 (66.36 %) ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. രണ്ടാംഘട്ടത്തിൽ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പല പ്രമുഖ ബ്രാൻഡുകളുമായി കൈകോർത്ത് കുറഞ്ഞ നിരക്കിൽ വീട് നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ മിഷൻ കൈക്കൊണ്ടിട്ടുമുണ്ട്. 20-60% വരെ വിലകുറച്ചാണ് ഇലക്ട്രിക്കൽ ഉപകരണങ്ങൾ, വയറിംഗ് ഉപകരണങ്ങൾ, പെയിന്റ്, സാനിറ്ററി ഉപകരണങ്ങൾ, സിമെന്റ്,

വാട്ടർ ടാങ്ക് തുടങ്ങിയവ ലൈഫ് ഗുണഭോക്താക്കൾക്കു ലഭ്യമാക്കുന്നത്. ഇതിന്റെ കൂടുതൽ വിവരങ്ങൾ ലൈഫ് മിഷന്റെ വെബ്സൈറ്റായ www.lifemission.kerala.gov.in ൽ ലഭ്യമാണ്.

ലൈഫ് മിഷൻ മൂന്നാംഘട്ടത്തിൽ സർവ്വേയിലൂടെ കണ്ടെത്തിയ 3,37,416 ഗുണഭോക്താക്കളിൽ നാളിതുവരെ അർഹതാ പരിശോധനക്ക് ഹാജരായത് 1,37,121 ഗുണഭോക്താക്കളാണ്. ഇവരിൽ 1,06,925 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തിയിട്ടുണ്ട്. മൂന്നാംഘട്ടത്തിൽ അടിമാലിയിൽ ഭവന സമുച്ചയം പൂർത്തീകരിച്ച് അടിമാലി ഗ്രാമപഞ്ചായത്തിലെ അർഹരായ ഭൂരഹിത ഭവനരഹിതരായ 163 ഗുണഭോക്താക്കൾക്ക് കൈമാറിക്കഴിഞ്ഞു. മൂന്നാംഘട്ടത്തിൽ ഈ വർഷം പണി ആരംഭിക്കുന്ന 85 ഭവന സമുച്ചയങ്ങളിൽ 14 പൈലറ്റ് ഭവന സമുച്ചയങ്ങളും, കെയർ ഹോം വഴി നിർമ്മിക്കുന്ന 14 ഭവന സമുച്ചയങ്ങളുമാണുള്ളത്. പൈലറ്റ് ഭവന സമുച്ചയങ്ങളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. 56 അധിക ഭവന സമുച്ചയങ്ങളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. പൈലറ്റ് ഭവന സമുച്ചയങ്ങൾ 2020 ഓഗസ്റ്റിലും അഡീഷണൽ, കെയർ ഹോം വഴിയുള്ള ഭവന സമുച്ചയങ്ങൾ 2020 ഒക്ടോബറിലും പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിരിക്കുന്നത്.

ഭവനരഹിതർക്ക് വീടുവെച്ചു നൽകുക മാത്രമല്ല അവർക്ക് ജീവിതം കെട്ടിപ്പടുക്കാനുള്ള എല്ലാവിധ പിന്തുണയും നൽകുക എന്ന ലക്ഷ്യത്തിലൂന്നിയാണ് ലൈഫ് മിഷൻ പദ്ധതി പ്രവർത്തിക്കുന്നത്. ഈ ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന കുടുംബസംഗമങ്ങൾ 2019 ഡിസംബർ – 2020 ജനുവരി കലായളവിൽ ബ്ലോക്ക് തലത്തിലും മുനിസിപ്പാലിറ്റി തലത്തിലും കോർപ്പറേഷൻ തലത്തിലും സംഘടിപ്പിക്കുന്നു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ജനുവരി 3 ന് തിരുവനന്തപുരം ജില്ലയിലെ വർക്കല ചെറുന്നിയൂർ പഞ്ചായത്തിലെ നരിക്കല്ല് തോപ്പിൽ ഓഡിറ്റോറിയത്തിൽ രാവിലെ 10 ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ എ.സി. മൊയ്തീൻ നിർവ്വഹിച്ചു. ലൈഫ് മിഷന്റെ ഒന്നും രണ്ടും ഘട്ടങ്ങളിലായി രണ്ട് ലക്ഷം വീടുകളുടെ നിർമ്മാണം ഡിസംബർ 31 നകം പൂർത്തീകരിക്കാനാണ് മിഷൻ ലക്ഷ്യമിട്ടിട്ടുള്ളത്. സർക്കാർ കൈവരിച്ച ഈ നേട്ടത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഭവനങ്ങൾ പൂർത്തിയാക്കിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണ് കുടുംബസംഗമങ്ങൾ സംഘടിപ്പിക്കുന്നത്. ഇതിനെത്തുടർന്ന് സംസ്ഥാനതലത്തിൽ രണ്ട് ലക്ഷം വീടുകൾ ലൈഫ് പദ്ധതി പ്രകാരം പൂർത്തിയാക്കിയതിന്റെ പ്രഖ്യാപനം 2020 ജനുവരിയിൽ മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ നിർവ്വഹിക്കും.

കുടുംബസംഗമത്തോടൊപ്പം ലൈഫ് ഗുണഭോക്താക്കളെ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും വിവിധ ക്ഷേമപദ്ധതികളിലും സേവനങ്ങളിലും ഉൾപ്പെടുത്തുന്നതിനായി വിവിധ വകുപ്പുതല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് അദാലത്തും സംഘടിപ്പിക്കുന്നു. രാവിലെ ബ്ലോക്ക്തല സംഗമത്തിന്റെ ഉദ്ഘാടനവും തുടർന്ന് വൈകുന്നേരം വരെ അദാലത്തുമാണ് സംഘടിപ്പിക്കുന്നത.് ആധാർ, റേഷൻ കാർഡ് തിരുത്തൽ എന്നിവ മുതൽ വിവിധ വകുപ്പുകളുടെ ക്ഷേമപദ്ധതികളെക്കുറിച്ച് ഗുണഭോക്താക്കൾക്ക് അവബോധം നൽകുന്നതിനും ജീവിതോപാധികൾ കണ്ടെത്തുന്നതിന് വിവിധ തരം സ്വയം തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിനും വിവിധ കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളുടെ സേവനം അദാലത്തിന്റെ ഭാഗമായി ഒരുക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തനതു ഫണ്ടിൽ നിന്ന് വളരെ കുറഞ്ഞ ചെലവിൽ സുതാര്യമായ രീതിയിലാണ് കുടുംബസംഗമങ്ങൾ നടത്തുന്നത്. അതാതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ നേതൃത്വത്തിലും സാന്നിധ്യത്തിലുമാണ് കുടുംബസംഗമവും തുടർന്നുള്ള അദാലത്തും നടക്കുക.

**വകുപ്പുകളും സേവനങ്ങളും**

**1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ**

1. വാർദ്ധക്യകാല പെൻഷൻ – അപേക്ഷ സ്വീകരിക്കുന്നതാണ്.

2. കർഷകത്തൊഴിലാളി പെൻഷൻ – അപേക്ഷ സ്വീകരിക്കുന്നതാണ്.

3. വിധവാ പെൻഷൻ – അപേക്ഷ സ്വീകരിക്കുന്നതാണ്.

4. ഭിന്നശേഷി പെൻഷൻ – അപേക്ഷ സ്വീകരിക്കുന്നതാണ്.

5. തൊഴിൽരഹിത വേതനം – അപേക്ഷ സ്വീകരിക്കുന്നതാണ്.

6. ജനന–മരണ വിവാഹ രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റുകൾ – അപേക്ഷ സ്വീകരിക്കുന്നതാണ്.

7. ഉടമസ്ഥാവകാശ സാക്ഷ്യപത്രം, സ്ഥിരതാമസ സാക്ഷ്യപത്രം – അപേക്ഷ സ്വീകരിക്കുന്നതാണ്.

**2. സിവിൽ സപ്ലൈസ് വകുപ്പ്**

1. റേഷൻ കാർഡ് തിരുത്തൽ – അപേക്ഷ സ്വീകരിച്ച് നടപടിയെടുക്കൽ

2. മുൻഗണനാ കാർഡ് അപേക്ഷകൾ

3. പുതിയ റേഷൻ കാർഡ് അപേക്ഷകൾ

4. റേഷൻ കാർഡിൽ അംഗങ്ങളെ ഉൾപ്പെടുത്തൽ

**3. കൃഷി വകുപ്പ്**

1. കർഷക പെൻഷൻ അപേക്ഷകൾ

2. ടെറസിൽ ഗ്രോബാഗ് കൃഷി സേവനം

3. വിത്തുകളുടെയും, തൈകളുടെയും വിതരണം

4. നൂതന കൃഷി സമ്പ്രദായങ്ങൾ സംബന്ധിച്ച അറിവ് നൽകൽ

**4. സാമൂഹ്യനീതി വകുപ്പ്**

1. ഭിന്നശേഷിക്കാരുടെയും വയോജനക്ഷേമ പരിപാടികളുടെയും അപേക്ഷ സ്വീകരിച്ച് സേവനം ലഭ്യമാക്കൽ

2. സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേനയുള്ള സേവനങ്ങൾ സംബന്ധിച്ച അപേക്ഷ സ്വീകരിച്ച് നടപടി സ്വീകരിക്കലും ബോധവൽക്കരണവും

3. വയോമധുരം, മന്ദഹാസം തുടങ്ങിയ പദ്ധതി മുഖേനയുള്ള സേവനങ്ങൾ ലഭ്യമാക്കൽ

4. ബോധവൽക്കരണ ബ്രോഷർ വിതരണം

**5. കുടുംബശ്രീ**

1. സ്വയംതൊഴിൽ പദ്ധതി രജിസ്ട്രേഷനും ബോധവൽക്കരണവും

2. നൈപുണ്യ വികസനം

3. സ്ത്രീകർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഹെൽപ് ഡെസ്ക്

4. തൊഴിലധിഷ്ഠിത പരിശീലനം

5. കുടുംബശ്രീയുടെ വിവിധ പദ്ധതികൾ

6. ബ്രോഷർ വിതരണം

**6. ഐ.ടി വകുപ്പ് (അക്ഷയ കേന്ദ്രം)**

1. ആധാർ എൻറോൾമെന്റ്

2. ആധാർ പുതുക്കൽ

3. ആധാർ വിവരങ്ങളിൽ മാറ്റം വരുത്തൽ

4. തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് അപേക്ഷ

5. പ്രധാനമന്ത്രി സുരക്ഷ ബീമാ യോജന അംഗമാക്കൽ

6. പ്രധാനമന്ത്രി ജീവൻ ജ്യോതി

**7. ഫിഷറീസ്**

1. വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ തീരമൈത്രി യൂണിറ്റുകളിൽ അംഗത്വം

2. കുളം/പുഴ പാട്ടത്തിനെടുത്ത് മത്സ്യകൃഷി

3. അലങ്കാര മത്സ്യകൃഷി

4. ജനകീയ മത്സ്യകൃഷി പദ്ധതി

5. വനിതകൾക്കൊരു മീൻ തോട്ടം

6. 40%-ഓളം സബ്സിഡിയുള്ള വിവിധ പദ്ധതികൾ

**8. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

1. ഗുണഭോക്താക്കൾക്ക് 90 ദിവസത്തെ തൊഴിൽദിന ലഭ്യത ഉറപ്പാക്കൽ

2. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി (നഗര പ്രദേശങ്ങളിൽ)

3. തൊഴിൽ കാർഡ് വിതരണം

4. കിണർ നിർമ്മാണം

5. മഴവെള്ളക്കൊയ്ത്ത്, ബയോഫെൻസിംഗ് ഉപയോഗിച്ച് വേലി നിർമ്മാണം

6. പശുതൊഴുത്ത്, കോഴിക്കൂട്, ആട് വളർത്തൽ, ഗ്രൂപ്പ് ആക്റ്റിവിറ്റീസിനായി വർക്ക് ഷെഡ് നിർമ്മാണം, എം.കെ.എസ്.പി മുഖേന തെങ്ങ് കയറ്റ പരിശീലനം.

7. ജലസംരക്ഷണം, മാലിന്യ ശേഖരണം, ജീവനോപാധികൾ  എന്നിവയുടെ പദ്ധതികൾ.

8. ഇൻഷ്വറൻസ് സ്കീം (12 രൂപ പ്രീമിയം)

**9.വ്യവസായ വകുപ്പ്**

1. തൊഴിൽ വൈദഗ്ധ്യമുള്ള കുടുംബങ്ങളെ പഞ്ചായത്തിലുള്ള സ്കിൽ ഡെവലപ്മെന്റ് സൊസൈറ്റികളിൽ അംഗങ്ങളാക്കൽ

2. തൊഴിൽദായക പദ്ധതികൾ പരിചയപ്പെടുത്തൽ

3. നാനോ ഹൗസ്ഹോൾഡ് പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ

4. തദ്ദേശസ്വയംഭരണ തലത്തിൽ ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നിവേദനം നൽകൽ.

**10. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ്**

1. ഗുണഭോക്തൃ കുടുംബങ്ങൾക്ക് സ്കിൽ ട്രെയിനിംഗ്

2. വിദ്യാർത്ഥികൾക്ക് വിദേശത്ത് പോകുന്നതിനുള്ള സൗകര്യമൊരുക്കൽ

3. വനിതകൾക്കും സ്വയംതൊഴിൽ സഹായ സംഘങ്ങൾക്കും സബ്സിഡി

4. ചികിത്സാ സഹായം ആവശ്യമുള്ളവർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് സൗകര്യമൊരുക്കൽ

5. വകുപ്പ് വഴി ലഭ്യമാക്കുന്ന വിവിധ പദ്ധതികളുടെയും സേവനങ്ങളുടെയും ബോധവൽക്കരണം.

6. കുടുംബങ്ങളുടെ തുടർ ആവശ്യകത വിലയിരുത്തൽ

7. കടം എഴുതിത്തള്ളുന്ന പദ്ധതി

**11. ക്ഷീര വികസന വകുപ്പ്**

1. പശു വളർത്തലുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം

2. ക്ഷീര സംഘങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ലഭ്യമാകുന്ന പ്രയോജനങ്ങളെക്കുറിച്ച് ബോധവൽക്കരണം

**12. ആരോഗ്യ വകുപ്പ്**

1. സൗജന്യ വൈദ്യ പരിശോധന

2. ജീവിതശൈലീ രോഗ ബോധവൽക്കരണ ക്ലിനിക്കുകൾ

3. രോഗപ്രതിരോധ മാർഗ്ഗരേഖ കൗൺസിലിംഗ്

4. ആർദ്രം ജനകീയ കാമ്പയിൻ

**13. റവന്യൂ**

1. പട്ടയം നൽകുന്നതിനുള്ള അപേക്ഷ സ്വീകരിക്കൽ

2. സാക്ഷ്യപത്ര വിതരണം

3. സി.എം.ഡി.ആർ.എഫ് അദാലത്ത്

**14. ശുചിത്വ മിഷൻ**

1. മാലിന്യ സംസ്കരണ മാർഗ്ഗത്തെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവൽക്കരിക്കൽ – ബ്രോഷർ

2. സോക്പിറ്റ് നിർമ്മിക്കുന്നതിനുള്ള സഹായം

3. ഗുണഭോക്തൃ കുടുംബങ്ങൾക്ക് ശുചിത്വ കലണ്ടർ തയ്യാറാക്കി നൽകൽ

**15. വനിതാ ശിശു വികസനം**

1. അംഗനവാടികളിൽ പോകാത്ത കുട്ടികൾ, കിടപ്പ് രോഗികൾ എന്നിവരെ കണ്ടെത്തി സഹായം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ.

**16. ഗ്രാമവികസന വകുപ്പ്**

1. എം.കെ.എസ്.പി പദ്ധതി – തെങ്ങുകയറ്റം, കൃഷി തുടങ്ങിയവയ്ക്ക് യന്ത്രങ്ങൾ സൗജന്യമായി നൽകൽ.

**17. പബ്ലിക് റിലേഷൻസ് വകുപ്പ്**

1. വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ സംബന്ധിച്ച ലഘുലേഖകൾ

**18. ലീഡ് ബാങ്ക്**

1. അക്കൗണ്ട് ഓപ്പണിംഗ്

2. പെൻഷൻ പദ്ധതിയിൽ ചേർക്കൽ (അടൽ പെൻഷൻ യോജന)

3. കുറഞ്ഞ ചിലവിൽ ചേരാവുന്ന ലൈഫ് ഇൻഷുറൻസ്, അപകട ഇൻഷുറൻസ് എന്നിവകളുടെ പോളിസികളിൽ ചേർക്കൽ (പ്രധാൻമന്ത്രി ജീവൻ ജ്യോതി ബീമാ യോജന, പ്രധാൻമന്ത്രി സുരക്ഷാ ബീമാ യോജന)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലൈഫ് മിഷൻ